കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3530/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

---

പരാമർശം : 1. ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10.09.2014 – തിയതിയിലെ എ 2/5919/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 18.03.2015 – തിയതിയിലെ എം3/7752/15 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29.07.2015 – തിയതിയിലെ എൽ.എഫ്.6242/പി.റ്റി3 /15 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം, 24.07.2007 – ലെ സ.ഉ(എം.എസ്) നം. 183/2007/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ചിപ്പി കൃഷിക്ക് നൽകാവുന്ന സബ്സീഡി ഹെക്ടറിന് 6000 രൂപാ തോതിൽ 10000 രൂപാ പരിധിക്ക് വിധേയമായി ചെലവിന്റെ 50% ആണെന്നിരിക്കെ 100 ച.മീ.കൃഷിക്ക് 8500 രൂപാ സബ്സീഡി കണക്കിൽ 25500 രൂപാ ( മൂന്നു പേർക്ക് ) ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി സബ്സീഡി മാനദണ്ഡങ്ങൾക്ക് വരുദ്ധമായതിനാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ കല്ലുമ്മക്കായ കൃഷി ഹെക്ടറിൽ കണക്കാക്കുന്ന രീതി പ്രായോഗികമല്ലെന്നും ഫിഷറീസ് വകുപ്പിന്റെ സബ്സീഡി മാനദണ്ഡങ്ങൾ പ്രകാരമുള്ളതിലും കുറഞ്ഞ തുകയാണ് പഞ്ചായത്ത് അനുവദിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കല്ലുമ്മക്കായ വളർത്തൽ എന്ന പദ്ധതിക്കായി 24.07.2007 – ലെ സർക്കാർ സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നം. 183/2007/ത.സ്വ.ഭ.വ – ക്ക് വിരുദ്ധമായി ചെലവഴിച്ച

.........2

25500 രൂപായ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മറ്റ് വകുപ്പുകളുടെ സബ്സിഡി മാനദണ്ഡങ്ങളല്ല, പകരം തദ്ദേശസ്വയംഭരണ വകുപ്പ് കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന സബ്സിഡി മാർഗ്ഗരേഖകളായിരിക്കണം പഞ്ചായത്തുകൾ പാലിക്കേണ്ടതെന്ന നിർദേശം നൽകിക്കൊണ്ട് കല്ലുമ്മക്കായ കൃഷിക്ക് 100 ച.മീ.കൃഷിക്ക് 8500 രൂപാ സബ്സിഡി കണക്കിൽ ചെലവഴിച്ച 25500 രൂപാ ( ഇരുപത്തിയയ്യായിരത്തി അഞ്ഞൂറ് രൂപാ ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് അടക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന കല്ലുമ്മക്കായ കൃഷിക്ക് 100 ച.മീ.കൃഷിക്ക് 8500 രൂപാ സബ്സിഡി കണക്കിൽ 25500 രൂപാ ( മൂന്നു പേർക്ക് ) ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ